പതിമൂന്നാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 5682      02.07.2014 ലെ മറുപടിയ്ക്ക്

## കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.കെ. ലതിക | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ടെയിൽ എൻഡുകളിൽ കനാലുകൾ തുറക്കുമ്പോൾ വെള്ളം എത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ; | ബി) കാലപഴക്കത്താൽ കനാലുകളുടെയും അക്വഡക്ടുകളുടെയും പലഭാഗവും പൊളിഞ്ഞ് അവയിലുടെ വെള്ളം പുറത്തേക്ക് ഒഴുകിപ്പോവുന്നതു മൂലവും ചില കനാലുകളുടെ ഫീൽഡ് ബോത്തികളിൽ മണ്ണ് അടിഞ്ഞ് കൂടി പ്രവർത്തനക്ഷമമല്ലാത്തതുമൂലവും ആണ് കനാലുകളുടെ വാലറ്റം വരെ ജലം എത്തിക്കാൻ കഴിയാത്തത്. കുറ്റ്യാടി പദ്ധതിയ്ക്ക് എല്ലാവർഷവും അനുവദിക്കുന്ന വാർഷിക അറ്റകുറ്റ പണിയുടെ തുകയായ 240 ലക്ഷം രൂപ തികയാത്തതിനാലാണ് ഇവ പൂർണ്ണ തോതിൽ പ്രവർത്തന ക്ഷമമാക്കാൻ സാധിക്കാത്തത്. |
| സി) കനാലുകളിൽ മുഴുവനായും വെള്ളം എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) കുറ്റ്യാടി ജലസേചനപദ്ധതിയുടെ പുനരുദ്ധാരണത്തിനും, അറ്റകുറ്റപ്പണികൾക്കുമായി 84.31 കോടി രൂപയുടെ എസ്റ്റിമേറ്റ് AIBP (ERM) സ്കീമിലുൾപ്പെടുത്തുന്നതിനായി കേന്ദ്രജലകമ്മീഷന്(CWC) സമർപ്പിച്ചിട്ടുണ്ട്. അഴിയൂർ ബ്രാഞ്ച് കനാലിന്റെ പുനരുദ്ധാരണത്തിനായി ഫണ്ട് കണ്ടെത്തുന്നതിനായി ചീഫ് എൻജിനീയർ, പ്രോജക്റ്റ് -1 ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. അനധികൃത കൈയ്യേറ്റം നിമിത്തം കനാൽ മണ്ണിട്ട് നികത്തുന്നത് |

ഒഴിവാക്കുന്നതിനായി സർവ്വേനടത്തി ബൗണ്ടറി കൃത്യമാക്കുവാനും, കനാലുകളിൽ മുഴുവനും ജലമെത്തിക്കുവാനുമുള്ള നടപടികളും നടന്നുവരുന്നു. കൂടാതെ വാർഷിക അറ്റകുറ്റ പണികൾക്കായ് വകയിരുത്തിയിട്ടുള്ള തുകയുപയോഗിച്ചുള്ള പ്രവർത്തികളും നടന്നുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**